മാതൃഭൂമി




ഗാന്ധിഭവനിൽ കൃഷിചെയ്ത പച്ചക്കറികളുടെ വിളവെടുപ്പ്

# ഗാന്ധിഭവനിൽ ഓണത്തിന് ഒരുമുറം പച്ചക്കറി

**പത്തനാപുരം:** ഓണത്തിന് ഒരുമുറം പച്ചക്കറിയുടെ ഭാഗമായി ഗാന്ധിഭവനിൽ കൃഷിചെയ്ത കാർഷികവിളകളുടെ വിളവെടുപ്പ് തുടങ്ങി. പാട്ടത്തിനെടുത്ത സ്ഥലത്ത് വിവിധ പച്ചക്കറികൾ വളർത്തിയെടുത്തതിനുപിന്നിൽ അന്തേവാസികളുടെ സ്ഥിരോത്സാഹമുണ്ടായിരുന്നു. ചീര, മത്തൽ, പാവൽ, പടവലം, വഴുതന, വെണ്ട, ചേന, പച്ചമുളക് തുടങ്ങിയവയെല്ലാം കൃഷിചെയ്തിരുന്നു. വിളവെടുപ്പ് ഉദ്ഘാടനം കൃഷി ഓഫീസർ പി.ബി.സരള നിർവഹിച്ചു. ജി.ഭുവനചന്ദ്രൻ, ആർ.ജയലക്ഷ്മി, ആർ.മനോജ്, ആർ.എസ്.സൂര്യ, ബിനിൽ, സോഫിയ, വിജയൻ അമ്പാടി, ജെ.ജയസേനൻ തുടങ്ങിയവർ പങ്കെടുത്തു.